മലയാള മനോരമ

03 February 2024



സ്ഥാപകദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സിഎംഎഫ്ആർഐ ഓപ്പൺ ഹൗസ് പ്രദർശനം കൗതുകത്തോടെ കാണുന്ന കുട്ടികൾ.

# ആഴക്കടലിന്റെ അറിയാക്കാഴ്ചകൾ കാണാൻ ആയിരങ്ങൾ

കൊച്ചി● കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ഓപ്പൺ ഹൗസ് പ്രദർശനത്തിൽ ആഴക്കടലിന്റെ അറിയാക്കാഴ്ചകൾ കാണാൻ ആയിരങ്ങളെത്തി.

ഭീമൻ മത്സ്യമായ ഹംപ്ഹെഡ് റാസ്, ഏറ്റവും വലിയ മത്സ്യമായ തിമിംഗല സ്രാവ്, വിലകൂടിയ മുത്തുകൾ തുടങ്ങി കടലിലെ കൗതുകങ്ങൾനേരിട്ടറിയാനുള്ള അവസരമാണു കാണികൾക്കു ലഭിച്ചത്. സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായാണു സിഎംഎഫ്ആർഐ ഓപ്പൺ ഹൗസ് പ്രദർശനം നടത്തിയത്. മ്യൂസിയം, ലബോറട്ടറികൾ, മറൈൻ അക്വേറിയം, ലൈബ്രറി, ഹാച്ചറികൾ, കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം എന്നിവ കാണാനെത്തിയവരിൽ കൂടുതലും വിദ്യാർഥികളായിരുന്നു.